**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2257** **06-07-2022 - ൽ മറുപടിയ്ക്ക്**

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രജിസ്ട്രേഷൻ വകുപ്പ് സമർപ്പിച്ച കത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് ഭൂമിയിൽ എടച്ചേരി സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിനുള്ള ഭരണ സമിതി തീരുമാനം ഉൾപ്പെടുത്തിയ കത്ത് സർക്കാരിൽ ലഭ്യമായിരുന്നു. എടച്ചേരിയിൽ പുതിയ സബ്‌രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിന്റെ അനുമതി നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് നൽകുന്നതിനായി ഫയൽ നികുതി വകുപ്പിലേക്ക് 01/10/2019 ൽ അയച്ചിരുന്നു. എന്നാൽ ഭൂമി ലഭ്യമായാൽ മാത്രമേ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് 25/06/2022ൽ നികുതി വകുപ്പ് മറുപടി നൽകി. തുടർന്ന് ഭൂമി രജിസ്ട്രേഷൻ വകുപ്പിന് വിട്ടുനൽകാമോ എന്നതിൽ അഭിപ്രായം അറിയുന്നതിനായി ഫയൽ റവന്യൂ വകുപ്പിന് കൈമാറിയിരിക്കുകയാണ്. |
| (ബി) | സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കാൻ പഞ്ചായത്ത് വകുപ്പ് എവിടെയൊക്കെ ഭൂമി നൽകിട്ടുണ്ട് എന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം, കുന്നത്തുകാൽ, പെരുങ്കടവിള, വെള്ളറട എന്നീ ഗ്രാമപഞ്ചായത്തുകളിലും കൊല്ലം ജില്ലയിലെ പൂയപ്പള്ളി, ആലപ്പുഴ ജില്ലയിലെ ചെറിയനാട്, എറണാകുളം ജില്ലയിലെ രായമംഗലം, കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിലും രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കാൻ ഭൂമി വിട്ടു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ